പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം: 134

14/12/2012 ൽ
മറുപടിക്ക്

## വിശ്വമലയാള മഹോത്സവം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. പി. റ്റി. എ. റഹീം<br>,, ജി. സുധാകരൻ<br>,, പുരുഷൻ കടലുണ്ടി<br>ശ്രീമതി പി. അയിഷാ പോറ്റി | | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും, ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) | വിശ്വമലയാള മഹോത്സവം സംഘടിപ്പിച്ചതിലുണ്ടായ ഗുരുതരമായ വീഴ്ചകൾ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വീഴ്ചകൾ വരുത്തിയവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (എ) | വിശ്വമലയാള മഹോത്സവുമായി ബന്ധപ്പെട്ട് ചില അപാകതകൾ സംഭവിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാൻ സാംസ്കാരിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത മഹോത്സവത്തിന് ആദ്യഘട്ടത്തിൽ എന്തു തുക ചെലവ് പ്രതീക്ഷിച്ചിരുന്നു ; യഥാർത്ഥത്തിൽ ചെലവായ തുക സംബന്ധിച്ച് വിശദമാക്കാമോ ; | (ബി) | പ്രസ്തുത മഹോത്സവത്തിന് ആറു കോടി രൂപയുടെ എസ്റ്റിമേറ്റാണ് കേരള സാഹിത്യ അക്കാദമി പ്രാഥമികമായി തയ്യാറാക്കിയത്. എന്നാൽ സർക്കാർ നിർദ്ദേശത്തെ തുടർന്ന് അവസാനം 2.15 കോടി രൂപയായി ചെലവുകൾ വെട്ടിചുരുക്കി സമർപ്പിച്ച നിർദ്ദേശത്തിന്മേൽ രണ്ടു കോടി രൂപ സർക്കാർ അനുവദിച്ചു. മൊത്തം ചെലവ് സംബന്ധിച്ച അവസാന കണക്ക് തയ്യാറാക്കി വരുന്നതേയുള്ളൂ. എങ്കിലും മൊത്തം ചെലവ് 1.5 കോടി രൂപയിൽ ഒതുങ്ങുമെന്നാണ് പ്രാഥമികമായി കണക്കാക്കിയിരിക്കുന്നത് |
| (സി) | പ്രസ്തുത മഹോത്സവം മലയാള ഭാഷയ്ക്ക് എന്തെങ്കിലും നേട്ടമുണ്ടാക്കിയോ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ വിശദമാക്കാമോ ? | (സി) | ഒരു സമ്മേളനം കൊണ്ട് ഭാഷക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ ഒരു ദിവസം കൊണ്ട് വിലയിരുത്തുവാൻ കഴിയില്ല. മലയാള ഭാഷയെ ലോകശ്രദ്ധയിൽ കൊണ്ടു വരുന്നതിനും മലയാളത്തിലെ എഴുത്തുകാരെ ഒത്തുചേർത്ത് വിപുലമായ ചർച്ചകൾ സംഘടിപ്പിക്കാനും മറ്റും ഈ പരിപാടികൾക്ക് കഴിഞ്ഞിട്ടുണ്ട്. മലയാളികളുടെ ഇടയിൽ മാതൃഭാഷക്ക് അഭിമാനം വളർത്തുവാനുള്ള പ്രവർത്തനത്തിന് ആക്കം കൂട്ടുവാൻ ഈ സമ്മേളനം കൊണ്ട് സാധിച്ചിട്ടുണ്ട്. മാത്രമല്ല, അഖിലേന്ത്യാ തലത്തിൽ ശ്രദ്ധിക്കപ്പെട്ട വിശ്വമലയാള മഹോത്സവം മലയാള ഭാഷയ്ക്ക് ക്ലാസിക്കൽ പദവി നേടിയെടുക്കുന്നതിനായുള്ള കേരളത്തിന്റെ വാദങ്ങൾ ബലപ്പെടുത്തുന്നതുമായിരുന്നു. |

സെക്ഷൻ ഓഫീസർ